# കേരള സർവകലാശാല

നം.പി.ആർ.191/2019 ഫോൺ: 2305738

## പത്രക്കുറിപ്പ്

## ടൈംടേബിൾ

2019 സെപ്റ്റംബർ 24ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ യൂണിറ്ററി (ത്രിവത്സര) എൽ.എൽ.ബി പരീക്ഷകളുടെ – (റഗുലർ, സപ്ലിമെന്ററി, മേഴ്സി ചാൻസ്) വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## പരീക്ഷാഫലം

2019 മേയിൽ നടന്ന പത്താം സെമസ്റ്റർ ബി. ആർക്ക് സപ്ലിമെന്ററി പരീക്ഷാഫലം (2008 സ്കീം) പ്രസിദ്ധീകരിച്ചു.

2019 ജൂലൈയിൽ നടന്ന ഒമ്പതാം സെമസ്റ്റർ ബി.ആർക്ക് സപ്ലിമെന്ററി പരീക്ഷാഫലം (2013 സ്കീം ) പ്രസിദ്ധീകരിച്ചു.

2019 ഫെബ്രുവരിയിൽ നടന്ന മൂന്നാം സെമസ്റ്റർ എം.കോം പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരം വെബ്സൈറ്റിൽ.

2018 ജൂലൈയിൽ നടന്ന ഒന്നും രണ്ടും സെമസ്റ്റർ ( 2017 അഡ്മിഷൻ) ബി.കോം ഡിഗ്രി (വിദൂര വിദ്യാഭ്യാസം) പരീക്ഷാ ഫലം വെബ്സൈറ്റിൽ ലഭ്യമാണ്. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി സെപ്റ്റംബർ 20 വരെ അപേക്ഷിക്കാം.

## പ്രവേശന ഇന്റർവ്യൂ

എം.ഫിൽ ഫോട്ടോണിക്സ് പ്രവേശന ഇൻറർവ്യൂ സെപ്റ്റംബർ 19, 20 തീയതികളിലും , നാനോ സയൻസ് ആൻഡ് നാനോ ടെക്നോളജി സെപ്റ്റംബർ 23, 24 തീയതികളിലും അതത് ഡിപ്പാർട്ട്മെന്റുകളിൽ വച്ച് നടത്തുന്നതാണ്. വിശദമായ ഷെഡ്യൂൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട് (admissions.keralauniversity.ac.in).

## യു.ജി പി.ജി കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനം

വിവിധ കോളേജുകളിൽ ഒഴിവുള്ള കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിൽ 05.09.2019ന് അതത് കോളേജിൽ വച്ച് പ്രവേശനം നടക്കും. നിലവിലുള്ള റാങ്ക് പട്ടികയിൽ നിന്നായിരിക്കും പ്രവേശനം. റാങ്ക് ലിസ്റ്റിൽ ഉൾപ്പെടാത്ത ആരെയും പരിഗണിക്കുന്നതല്ല. 05.09.2019 ന് രാവിലെ 12 മണിക്ക് മുൻപ് ബന്ധപ്പെട്ട കോളേജിൽ അസ്സൽ സർട്ടിഫിക്കറ്റുകളുമായി (ടി.സി ഉൾപ്പെടെ) ഹാജരാകേണ്ടതാണ്. സർട്ടിഫിക്കറ്റ് ഹാജരാക്കാൻ സമയം അനുവദിക്കുന്നതല്ല. ഒഴിവുകൾ കോളേജ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. നിശ്ചിത സമയം കഴിഞ്ഞ് ഹാജരാകുന്നവരെ പരിഗണിക്കുന്നതല്ല.

## എം.എ മലയാളം കമ്മ്യൂണിറ്റി ക്വാട്ട

കായംകുളം എം.എസ്.എം കോളേജിൽ എം.എ മലയാളത്തിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകൾ ഒഴിവുണ്ട്. ആയതിലേക്ക് പരിഗണിക്കുവാൻ താല്പര്യമുള്ളവർ 05.09.2019 രാവിലെ 11 മണിക്ക് മുൻപ് കോളേജിൽ ഹാജരാകണം. അസ്സൽ സർട്ടിഫിക്കറ്റുകൾ (ടി.സി ഉൾപ്പെടെ) ഹാജരാക്കുവാൻ സമയം അനുവദിക്കുന്നതല്ല. നിശ്ചിത സമയം കഴിഞ്ഞ് ഹാജരാകുന്നവരെ പരിഗണിക്കുന്നതല്ല. ഫീസ് ഓൺലൈനായി അടയ്ക്കേണ്ടതാണ്.

**തിരുവനന്തപുരം.**
04.09.2019

പബ്ലിക് റിലേഷൻസ് ഓഫീസർ